**കാറ്റഗറി നമ്പർ : 20/2021**

താഴെ പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' ചെയ്ത ശേഷമാണ് സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. വകുപ്പ് : **വിവിധം**

2. ഉദ്യോഗപ്പേര് : **ഡ്രൈവർ ഗ്രേഡ് II (LDV) ( തസ്തികമാറ്റം വഴിയുള്ള നിയമനം)**
**ഡ്രൈവർ - കം - ഓഫീസ് അറ്റന്റ്ഡന്റ് ( LDV)**
Vide GO MS(No.29/15/P&ARD dated 19/11/2015)

3. ശമ്പളം : Rs. 18,000 - 41,500/-

4. ഒഴിവുകളുടെ എണ്ണം : **ജില്ലാടിസ്ഥാനത്തിൽ**

| | | |
|---|---|---|
| തിരുവനന്തപുരം | - | പ്രതീക്ഷിത ഒഴിവുകൾ |
| കൊല്ലം | - | |
| പത്തനംതിട്ട | - | |
| ആലപ്പുഴ | - | |
| കോട്ടയം | - | |
| ഇടുക്കി | - | |
| എറണാകുളം | - | |
| തൃശ്ശൂർ | - | |
| പാലക്കാട് | - | |
| മലപ്പുറം | - | |
| കോഴിക്കോട് | - | |
| കണ്ണൂർ | - | |
| വയനാട് | - | |
| കാസർഗോഡ് | - | |

കുറിപ്പ്:-

(i) ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ഓൺലൈൻ അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ് സൈറ്റായ www.keralapsc.gov.in-ൽ ലഭ്യമാണ്.

(ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലകളിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും 1:3 എന്ന അനുപാതത്തിൽ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്യുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കാവുന്നതാണ്. തസ്തികമാറ്റം വഴി അനുയോജ്യമായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതായിരിക്കും.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991–ലെ ജി.ഒ.(എം.എസ്)നം.36/91/പി & എ.ആർ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം

തിരഞ്ഞെടുക്കപ്പെട്ടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

v) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്നവർ അവരുടെ ഓഫീസ് മേലധികാരിയിൽ നിന്നും സർവീസ് സർട്ടിഫിക്കറ്റിന്റെ അസൽ വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

| | | | |
|---|---|---|---|
| 5 | നിയമന രീതി | : | തസ്തികമാറ്റം വഴിയുള്ളത്.<br>ജനറൽ സബോർഡിനേറ്റ് സർവീസിലെ മറ്റേതെങ്കിലും തസ്തികയിൽ നിന്നോ, വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സർവീസിൽ നിന്നോ തസ്തികമാറ്റം വഴി. |

കുറിപ്പ് : i) തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:3 എന്ന അനുപാതത്തിൽ ആയിരിക്കും. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിർദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ ടി ഒഴിവിലേക്ക് നേരിട്ടുള്ള നിയമനം വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്.

ii)കേരള ഗവണ്മെന്റ് സബോർഡിനേറ്റ് സർവീസുകളിൽ Rs.18,000 – 41,500/– ൽ താഴെ ശമ്പളനിരക്കുള്ള തസ്തികകളിൽ ജോലിയിലിരിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയക്കുന്ന തീയതിയിൽ അവർ പാർട്ട് ടൈം കണ്ടിജൻറ് സബോർഡിനേറ്റ് സർവീസ് ഉൾപ്പെടെ ഏതെങ്കിലും ഒരു സബോർഡിനേറ്റ് സർവീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ സർവീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫോറത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽനിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ അയക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

SERVICE CERTIFICATE TO BE PRODUCED FOR RECRUITMENT BY TRANSFER AS DRIVER GRADE ii (LDV) IN ACCORDANCE WITH G.O.(P) NO.11/74/PD DATED 10.01.1974

1. Name of the Candidate :

2. Name of post held by the applicant with scale of pay and the pay now drawn by the applicant :

**3.** Name of the Department :

4. Name of the Subordinate Service to which the applicant belongs :

5. Date of commencement of probation and date of completion of probation in the above Subordinate Service. State whether an approved probationer or full member of the service. :

Certified that the above details in respect of Shri/Smt............................................ who is an approved probationer/full member of the Subordinate Services, have been verified by me with the service particulars of the candidate and that they are found correct. He is eligible to apply for the post of Driver Gr.II (LDV) in Various Department as per Rule 2 (13) of the K.S & S.S.R 1958.

Place: Signature of Head of the Office

Date : (Office Seal) with the name and the designation.

iii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ പതിനാല് മുതൽ പതിനേഴ് വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

6. പ്രായപരിധി : 1) 18-50 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.2003-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

7. **യോഗ്യതകൾ :-**

I) ഏഴാം ക്ലാസ്സ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം

ii)ഡ്രൈവേഴ്സ് ബാഡ്ജും ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് 3(മൂന്ന്)വർഷമായി പ്രാബല്യത്തിലുള്ളതുമായ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

**iii)** ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ ('H'ടെസ്റ്റ് അടക്കം) തെളിയിക്കേണ്ടതാണ്.) 'H'ടെസ്റ്റിൽ വിജയിക്കുന്ന വരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

**കുറിപ്പ്:** 1 KS & SSR Part II Rule 10 (a) ii ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2 12.10.2018 മുതൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജ് ഒഴിവാക്കിട്ടുണ്ട്.

3 വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(iv) ശാരീരിക യോഗ്യതകൾ :-

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

(ബി) കണ്ണ് :

| | | വലത് | ഇടത് |
|---|---|---|---|
| ദൂരകാഴ്ച | : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച | : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : | സാധരണമായിരിക്കണം | |
| മാലക്കണ്ണ് | : | ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

കുറിപ്പ്:-

1) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iv (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iv)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് ബാഡ്ജോടുകൂടിയായ സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ/ഓൺലൈൻ പരീക്ഷ , പ്രായോഗിക പരീക്ഷ , ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

**പ്രൊബേഷൻ:-** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV)

(To be filled up by a Medical Officer not below the rank of an Assistant Surgeon)

| | | |
|---|---|---|
| 1. | What is the applicant's apparent age? | : |
| 2. | Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency? | : |
| 3. | Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver? | : |
| 4. | Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals? Is his hearing perfect? | : |
| 5. | Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver? | : |
| 6. | State of Muscles and Joints (No paralysis and all joints with free movements) | : |
| 7. | State of Nervous System (Perfectly normal and free from any infectious diseases) | : |
| 8. | Does he show any evidence of being addicted to the extensive use of alcohol, tobacco or drinks? | : |
| 9. | Marks of Identification | : |

He is physically fit for the post of ……………………… ………… …….. I certify to the best of my knowledge and belief that the applicant Shri. ………………… …………………… is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph.)

Photo of the candidate

Signature

Name

Place: Designation & Official Address

Date: (office seal)

## FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV)

(To be filled up by an Ophthalmologist in Government Service)

1. Is there any defect of vision?
   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.
2. Can the applicant readily distinguish the pigmentary colours red and green?
3. Does the applicant suffer from any night blindness?
   I have this day medically examined Shri ……………………… and found that he has no defect of vision which would render him unsuitable for the post of Driver Grade II (LDV/HDV) and his standards of vision are as follows.

Standards of Vision
(Eye sight without glasses)

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | ………….snellen | ………….snellen |
| 2. | Near Vision | ………….snellen | ………….snellen |

3. Field of vision ……………………
   (specify whether full or not, Entry 'Normal', 'Good' etc. will be inappropriate here)
4. Colour blindness
5. Squint
6. Any morbid conditions of the eyes or lids of either eye.
   His standards of vision are fit for the post of Driver (LDV/HDV)

I certify to the best of my knowledge and belief that the applicant Shri .. ……………. …………. ………….. ………….. …………….. is the person herein above described and that the attached photograph has a reasonably correct likeness (The signature of the Ophthalmologist shall be affixed on the photograph leaving the face clear).

| Photo of the candidate |
|---|

Signature

Name

Place: Designation &

Date: Official Address

(office seal)

Note:- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be

stated separately. Special attention should be directed to the distant vision. Required standard of vision are as follows.

| | | Right Eye | Left Eye |
|---|---|---|---|
| (a) | Distant vision | 6/6 snellen | 6/6 snellen |
| (b) | Near vision | 0.5 snellen | 0.5 snellen |
| (c ) | Each eye must have full field of vision | | |

8 അപേക്ഷകൾ സമർപ്പിക്കേണ്ട രീതി:

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2011-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ ' My applications' എന്ന Link – ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **21.04.2021** ബുധനാഴ്ച രാത്രി 12 മണി വരെ.

10 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ, ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

11. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക).

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**